# <u>പത്രക്കുറിപ്പ്</u>

**01.01.2019** തീയതി നടക്കുന്ന വനിത മതിലിനോടനുബന്ധിച്ച് തിരുവനന്തപുരം നഗരത്തിൽ അന്നേദിവസം ഉച്ചയ്ക്ക് **02.00** മണിമുതൽ വൈകുന്നേരം **05.00** മണിവരെ ഗതാഗത ക്രമീകരങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

തിരുവനന്തപുരം നഗരത്തിൽ നടക്കുന്ന വനിതാ മതിലിന്റെ ഭാഗമായി വെള്ളയമ്പലം, മ്യൂസിയം, കോർപ്പറേഷൻ പോയിന്റ്, ആർ.ആർ.ലാംമ്പ്, ജി.വി.രാജ, പി.എം.ജി, പട്ടം, കേശവദാസപുരം, ഉള്ളൂർ, പോങ്ങുംമൂട്, ശ്രീകാര്യം, ചാവടിമുക്ക്, പാങ്ങപ്പാറ, കാര്യവട്ടം, കഴക്കൂട്ടം, വെട്ടുറോഡ് വരെയുള്ള ദേശീയപാതയിൽ ഉച്ചയ്ക്ക് **02.00** മണിമുതൽ വൈകുന്നേരം **05.00** മണിവരെ ഗതാഗത ക്രമീകരങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

<u>വാഹനങ്ങൾ വഴിതിരിച്ച് വിടുന്ന സ്ഥലങ്ങൾ</u>

- നെടുമങ്ങാട് ഭാഗത്തു നിന്നും തമ്പാനൂരിലേയ്ക്കും കിഴക്കേകോട്ടയിലേയ്ക്കും പോകേണ്ട വാഹനങ്ങൾ പേരൂർക്കടയിൽ നിന്നും തിരിഞ്ഞ് പൈപ്പിൻമൂട് - ശാസ്തമംഗലം - ഇടപ്പഴിഞ്ഞി - എസ്.എം.സി ജംഗ്ഷൻ വഴി പോകേണ്ടതാണ്.
- തമ്പാനൂർ, കിഴക്കേകോട്ട ഭാഗത്തുനിന്നും നെടുമങ്ങാട്, പേരൂർക്കട ഭാഗത്തേയ്ക്ക് പോകേണ്ട വാഹനങ്ങൾ വി.ജെ.റ്റിയിൽ നിന്നും തിരിഞ്ഞ് ആശാൻസ്ക്വയർ - അണ്ടർ പാസ്സേജ് - ബേക്കറി - വഴുതക്കാട് - എസ്.എം.സി - ഇടപ്പഴിഞ്ഞി വഴി പോകേണ്ടതാണ്.
- വനിത മതിൽ ആരംഭിക്കുന്ന സമയം മുതൽ തീരുന്നതുവരെ വെട്ട്റോഡ് മുതൽ വെള്ളയമ്പലം ജംഗ്ഷൻ വരെയുള്ള പ്രധാന ജംഗ്ഷനുകളിൽ ട്രാഫിക് ക്രമീകരങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

<u>പാർക്കിംഗ് ക്രമീകരണങ്ങൾ</u>

ദേശീയപാതയിൽ വെട്ട്റോഡ് മുതൽ വെള്ളയമ്പലം ജംഗ്ഷൻ വരെയുള്ള റോഡിന്റെ ഇരുവശങ്ങളിലും 01.01.2019 തീയതി വൈകുന്നേരം 05.00 മണിവരെ വാഹന പാർക്കിംഗ് അനുവദിക്കുന്നതല്ല. ഉച്ചയ്ക്ക് 12.00 മണി മുതൽ ഹെവി ഗുഡ്സ് വാഹനങ്ങൾ നഗരത്തിനുള്ളിലേയ്ക്ക് പ്രവേശിക്കുന്നത് അനുവദിക്കുന്നതല്ല.

വനിതാ മതിലിൽ പങ്കെടുക്കാൻ ആൾക്കാരുമായി എത്തുന്ന വാഹനങ്ങൾ ആളുകളെ ഇറക്കിയശേഷം കഴക്കൂട്ടം - കോവളം ബൈപ്പാസ് റോഡിന്റെ ഒരുവശത്തും, മറ്റു സ്ഥലങ്ങളിലുള്ളവർ പ്രധാന റോഡുകൾ ഒഴിവാക്കി സൗകര്യപ്രദമായ സ്ഥലങ്ങളിൽ മറ്റ് വാഹനങ്ങൾ കടന്നുപോകുന്നതിന് തടസ്സമില്ലാത്ത രീതിയിൽ പാർക്ക് ചെയ്യേണ്ടതാണ്.

പൊതുജനങ്ങളുടെ സുഗമവും സുരക്ഷിതവുമായ യാത്രയ്ക്കായി തിരു.സിറ്റി പോലീസ് ഏർപ്പെടുത്തിയിരിക്കുന്ന ഗതാഗത ക്രമീകരണങ്ങളോട് പൊതുജനങ്ങൾ സഹകരിക്കേണ്ടതാണ്.

ട്രാഫിക്കുമായി ബന്ധപ്പെട്ട പരാതികൾക്കും നിർദ്ദേശങ്ങളും താഴെപ്പറയുന്ന ഫോൺ നമ്പരുകളിൽ അറിയിക്കാവുന്നതാണ്.

ഫോൺ നമ്പരുകൾ:-

0471-2558731
0471-2558732

പോലീസ് അസിസ്റ്റന്റ് കമ്മീഷണർ
ട്രാഫിക് സബ്ബ് ഡിവിഷൻ (നോർത്ത്)
തിരുവനന്തപുരം സിറ്റി.